# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1383 12.03.2015 - ൽ മറുപടിക്ക്

## പള്ളിക്കരയിൽ റെയിൽവേ മേൽപ്പാലം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ഇ. ചന്ദ്രശേഖരൻ : | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| (എ) നീലേശ്വരം - ചെറുവത്തൂർ ദേശീയ പാതയിൽ പള്ളിക്കരയിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ; | (എ), (ബി) & (സി) 2003 - ൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചു. 2009 - 2010 സാമ്പത്തിക വർഷത്തിൽ 16.5 കോടി രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചെങ്കിലും അനുമതി ലഭിച്ചില്ല. തുടർന്ന് തലപ്പാടി - കുറ്റിപ്പുറം ദേശീയപാത കി.മീ. 18/050 മുതൽ 318/000 വരെ നാലുവരിപ്പാത നിർമ്മിക്കുന്നതിനായി ദേശീയപാത അതോറിറ്റി ഏറ്റെടുത്തതിനാൽ വാർഷിക പദ്ധതിയിൽ ഈ പ്രവൃത്തി ഉൾപ്പെടുത്തിയില്ല. എന്നാൽ എൻ. എച്ച്. 17 നാലുവരിപ്പാത നിർമ്മാണത്തിൽ നിന്ന് ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ പിൻമാറിയതുകൊണ്ട് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിക്കുവാനുള്ള പുതിയ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം തയ്യാറാക്കി വരികയാണ്. |
| (ബി) പ്രസ്തുത മേൽപ്പാലത്തിന് സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏതു ഘട്ടത്തിലാണ് ; | |
| (സി) മേൽപ്പാല നിർമ്മാണം അനിശ്ചിതമായി നീളുന്നതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ? | |

സെക്ഷൻ ഓഫീസർ